**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2690** **12-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങൾ അനുസരിച്ചുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങൾ അനുസരിച്ച് ഇരയ്ക്കുള്ള നഷ്ടപരിഹാരം അനുവദിക്കുന്നതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ചെലവ് അനുപാതം എപ്രകാരമാണെന്ന് അറിയിക്കാമോ; | (എ) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിൽ 50% വീതം തുക വകയിരുത്തുന്നുണ്ട്. 2021-22 വർഷത്തിൽ ഈ ഇനത്തിൽ 20 കോടിയായിരുന്നു വകയിരുത്തിയിരുന്നത്. എന്നാൽ 29.8 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും യഥാസമയം ഫണ്ട് ലഭ്യമാകുന്നുണ്ടോ എന്നറിയിക്കാമോ; | (ബി) | കേന്ദ്രവിഹിതം ലഭ്യമാകുന്നുണ്ട്. |
| (സി) | പട്ടികജാതി-പട്ടികവർഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങൾ ചട്ടം 12 (4) അനുസരിച്ച് എഫ്.ഐ.ആർ. ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ ഇരയ്ക്ക് ആദ്യ ഗഡു നഷ്ടപരിഹാരം അനുവദിക്കണമെന്ന വ്യവസ്ഥ പാലിക്കാറുണ്ടോ എന്നറിയിക്കാമോ; | (സി) | പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമ നിരോധന നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിലെ ഇരയ്ക്ക്/ ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനു മുൻപായി അതിക്രമത്തിന് ഇരയായവരുടെ ജാതി സർട്ടിഫിക്കറ്റും പ്രതിയുടെ ജാതി സംബന്ധിച്ച രേഖയും ലഭ്യമാക്കേണ്ടതുണ്ട്. കുറ്റാരോപിതനായ വ്യക്തി പട്ടികവിഭാഗത്തിൽപ്പെട്ട ആളല്ലെങ്കിൽ മാത്രമെ അതിക്രമ നിരോധന നിയമപ്രകാരം ധനസഹായം അനുവദിക്കാൻ കഴിയു എന്നതിനാലാണ് ഇപ്രകാരം സർട്ടിഫിക്കറ്റ് വാങ്ങുന്നത്. ആയത് യഥാസമയം ലഭ്യമായാൽ ജില്ലാ മജിസ്ട്രേറ്റ് കൂടിയായ ജില്ലാ കളക്ടറുടെ അനുമതി വാങ്ങി FIR ലഭിച്ച് 7 ദിവസത്തിനുള്ളിൽ ആശ്വാസ ധനസഹായത്തിന്റെ ആദ്യ ഗഡു അനുവദിക്കുന്നതാണ്. |
| (ഡി) | ഇരയ്ക്ക് ആദ്യ ഗഡു നഷ്ടപരിഹാരം അനുവദിക്കുന്നതിന് ജില്ലാ തല വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുവാദം വാങ്ങണമെന്ന് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങളിൽ | (ഡി) | അതിക്രമ നിരോധന നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഇരയാകുന്നവർക്ക്/ ആശ്രിതർക്ക് അടിയന്തര ധനസഹായം അനുവദിക്കുന്നതിന് ജില്ലാ തല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി |

| | | | |
|---|---|---|---|
| | ഇല്ലാത്ത വ്യവസ്ഥ വകുപ്പ് അനുവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് ഒഴിവാക്കി ചട്ടം 12 (4) അനുസരിച്ച് എഫ്.ഐ.ആർ. ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ ഇരക്ക് ആദ്യ ഗഡു നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | വാങ്ങേണ്ടതില്ല. എന്നിരുന്നാലും ചില പരാതികൾ വിശദമായ പോലീസ് അന്വേഷണത്തിൽ വ്യാജമായവയാണ് എന്ന് തെളിയുന്ന സാഹചര്യത്തിൽ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുവാദം വാങ്ങണമെന്ന വ്യവസ്ഥ ചെയ്യാറുണ്ട്. ഇത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങളിൽ ഇല്ലാത്ത വ്യവസ്ഥയാണ്. എന്നാൽ യഥാർത്ഥമായ കേസുകൾ ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന് കാത്തിരിക്കാതെ തന്നെ ജില്ലാ മജിസ്ട്രേറ്റ് കൂടിയായ ജില്ലാ കളക്ടറുടെ അനുമതി വാങ്ങി ആവശ്യം വേണ്ട രേഖകൾ ലഭ്യമാക്കി കേസിലെ സെക്ഷനുകൾക്ക് അനുസരിച്ച് യഥാസമയം അർഹതപ്പെട്ട തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഓഫിസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ